**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **12-06-2024 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ വനം വകുപ്പിൽ നിന്നും 30- 3 -1980 തീയതിയിൽ ഗവൺമെൻറ് നോട്ടിഫിക്കേഷൻ 82055/FS2/2/76/76/AD dtd 11/01/1977 പ്രകാരം വനവകുപ്പ് ഏറ്റെടുത്ത ഭൂമി റവന്യൂ ഭൂമിയാണോ; പ്രസ്തുത ഭൂമി വിട്ടുകൊടുത്തുകൊണ്ടുള്ള റവന്യൂ വകുപ്പിന്റെ രേഖകൾ വനം വകുപ്പിന്റെ കൈവശം ഉണ്ടോ; വിശദമാക്കാമോ; | (എ) | ഗവൺമെന്റ് നോട്ടിഫിക്കേഷൻ 82055/FS2/2/76/76/Ad dtd 11.01.1977 പ്രകാരം ഇടുക്കി ജില്ലയിൽ ഉള്ള ഭൂമി കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് 1971 പ്രകാരം നിർവചിച്ചിട്ടുള്ള “സ്വകാര്യ വനം” ഏറ്റെടുത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിക്ഷിപ്ത വനഭൂമിയാണ്. |
| (ബി) | പീരുമേട് മണ്ഡലത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വനം വകുപ്പിൽ നിന്നും ജണ്ടകൾ സ്ഥാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പീരുമേട് മണ്ഡലത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വനം വകുപ്പ് ജണ്ടകൾ സ്ഥാപിക്കുന്നില്ല. നിലവിൽ വിജ്ഞാപനം ചെയ്ത് സർവ്വേ പൂർത്തിയാക്കിയ വനഭൂമിയുടെ അതിർത്തിയിൽ മാത്രമാണ് ജണ്ട നിർമ്മണം നടന്നുകൊണ്ടിരിക്കുന്നത്. |
| (സി) | ആദിവാസി കുടികളിലേക്കുള്ള റോഡുകൾ പുനർനിർമ്മിക്കുവാൻ വനം വകുപ്പിൽ നിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | ആദിവാസി കുടികളിലേക്കുള്ള നിലവിലുള്ള റോഡുകൾ പുനർ നിർമ്മിക്കുന്നതിന് വനാവകാശനിയമം 2006 പ്രകാരം യൂസർ ഏജൻസികൾ വഴി ലഭിക്കുന്ന അപേക്ഷകളിൽ നിയമാനുസൃതമായ അനുമതി നൽകിവരുന്നുണ്ട്. കൂടാതെ ഒരു ഹെക്ടറിൽ മുകളിൽ വനഭൂമി ആവശ്യമുള്ള അപേക്ഷകളിൽ കേന്ദ്ര നിയമപ്രകാരമുള്ള അനുമതി ലഭിക്കുന്നതിന് ‘പരിവേഷ്’ വെബ്പോർട്ടലിൽ യൂസർ ഏജൻസി അപേക്ഷ നൽകി പരിശോധനകൾക്കുശേഷം ആവശ്യമായ അനുമതി നൽകിവരുന്നുണ്ട്. |
| (ഡി) | സത്രം എൻ.സി.സി. എയർ സ്ട്രിപ്പിലേക്കുള്ള റോഡ് പുതുക്കി പണിയുവാൻ വനം വകുപ്പിൽ നിന്ന് അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ.; | (ഡി) | എൻ.സി.സി എയർ സ്ട്രിപ്പിലേക്കുള്ള റോഡ് പുതുക്കി പണിയുക, റൺവേ വിപുലീകരിക്കുക, ഹാംഗറിന് എതിർവശത്തുള്ള തടസ്സങ്ങൾ നീക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2.6621 ഹെക്ടർ വനഭൂമി അനുവദിക്കുവാൻ എൻ.സി.സി പരിവേഷ് പോർട്ടൽ മുഖേന കേന്ദ്ര വനം മന്ത്രാലയത്തിന്റെ |

| | | | |
|---|---|---|---|
| | | | അനുമതിക്കായി നൽകിയ അപേക്ഷയിൽ നടപടി പുരോഗമിച്ചുവരുന്നു. |
| (ഇ) | മൂലമറ്റം-പതിപ്പള്ളി റോഡ് പുനർനിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കിട്ടും വനം വകുപ്പിൽ നിന്നും എൻ .ഒ .സി. നൽകാത്തതിനാൽ റോഡ് നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എൻ .ഒ .സി. ലഭ്യമാക്കി റോഡ് പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ. ? | (ഇ) | മൂലമറ്റം-പതിപ്പള്ളി റോഡ് പുനർമിർമ്മിക്കുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി പരിവേഷ് പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന വിവരം യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ